(b) what is the balance amount available for this purpose out of the budgeted amount on 14-2-1955 ?

Minister for Local Self Government (**Shri K. Kochukuttan**): (a) No grant has been given under Section 55 (3) of the Panchayats Act.

(b) No specific provision was made in the Budget for 1954-55 for this purpose. Hence the question of balance does not arise.

കാളനൈസേഷൻ സ്കീം.

* 659. [45] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളനൈസേഷൻ സ്കീം അനുസരിച്ച് സംസ്ഥാനത്ത് ആകെ എത്ര വീടുകൾ പണി തീർത്തിട്ടുണ്ട് ;

(ബി) ഇവയിൽ എത്ര വീടുകളിൽ ഇപ്പോൾ താമസമുണ്ട് ;

(സി) എങ്ങനെയുള്ള ആളുകൾക്കാണ് ഇത്തരം വീടുകൾ വിതരണം ചെയ്യുന്നത് ;

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ എ. റഹിം) :

(എ) കാളനൈസേഷൻ സ്കീം അനുസരിച്ച് ഇവിടെ വീടുകൾ പണിതീർത്തിട്ടില്ല. ഹൌസിംഗ് സ്കീം അനുസരിച്ചാണ് വീടുകൾ പണിതീർത്തിട്ടുള്ളത്. അങ്ങനെ 524 വീടുകൾ പണിതീർത്തിട്ടുണ്ട്.

(ബി) 430 വീടുകളിൽ താമസമുണ്ട്.

(സി) കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മുനിസിപ്പൽത്തൊഴിലാളികൾ, വ്യാവസായികത്തൊഴിലാളികൾ എന്നിവർക്കാണ് വീടുകൾ നൽകി വരുന്നത്.

മത്സ്യത്തൊഴിലാളികൾ.

* 660. [51] ശ്രീ. കെ. പി. ഗോപാലമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യവും, സാമ്പത്തികവും ആയ പ്രശ്നങ്ങളെപ്പറ്റി അന്വേഷിച്ച് മത്സ്യത്തൊഴിലിനെ പോഷിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി പ്രതിനിധികളടങ്ങിയ ഒരന്വേഷണക്കമ്മിറ്റിയെ നിയമിക്കേണ്ടതാണെന്നും മത്സ്യത്തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെന്റ് ഇക്കാര്യത്തിൽ എന്തു നടപടിയാണ് കൈക്കൊള്ളുവാൻ തീരുമാനിച്ചിരിക്കുന്നത് ;

(സി) അങ്ങനെ ഒരു കമ്മിറ്റി നിയമിക്കുന്നപക്ഷം ഒരു അന്യോന്യസ്ഥനെ അതിന്റെ അദ്ധ്യക്ഷനായി നിശ്ചയിക്കുന്നതിനും ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ട്.

(ബി) അക്കാര്യം ആലോചനയിൽ ഇരിക്കുകയാണ്.

(സി) ആവശ്യമെന്നു കണ്ടാൽ അക്കാര്യവും ആലോചിക്കുന്നതായിരിക്കും.

വഞ്ചിപണിയുന്നതിനു് മരം.

* 661. [52] ശ്രീ. കെ. പി. ഗോപാലമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഞ്ചിപണിയുന്നതിനുള്ള മരം മത്സ്യത്തൊഴിലാളികൾക്കു് മലയിൽനിന്നു് കൺസഷൻ റേറ്റിൽ കൊടുക്കുന്നതിനു് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ആനുകൂല്യം ഉപയോഗിച്ചു് ഉണ്ടാക്കിയിട്ടുള്ള വഞ്ചികൾ എത്ര ;

(സി) മലയിൽനിന്നു് മരംവെട്ടിയെടുത്തു് വഞ്ചി പണിയിക്കുന്നതിനു് മത്സ്യത്തൊഴിലാളികൾക്കുള്ള പ്രായോഗികമായ ബുദ്ധിമുട്ടു് ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തീരപ്രദേശത്തിൽ ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കു് തീരപ്രദേശങ്ങളിലുള്ള ഗവണ്മെൻറ് ഡിപ്പോകളിൽനിന്നു് വഞ്ചി പണിയിക്കുന്നതിനു് ആവശ്യമായ മരം കൺസഷൻ റേറ്റിനു് നൽകാൻ ഏർപ്പാടു ചെയ്യുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ടു്.

(ബി) 1949-നുശേഷം 323 വഞ്ചികൾക്കും, 51 കട്ടമരങ്ങൾക്കുമുള്ള തടി നൽകിയിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) ചെയ്തിട്ടുണ്ടു്.

കാർഷികകാളേജു്.

* 662. [54] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഒരു കാർഷിക കാളേജു് തുടങ്ങുന്ന കാര്യത്തെപ്പറ്റി ഈ ഗവണ്മെൻറ് എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ

(ബി) ഉണ്ടെങ്കിൽ ഈ കാളേജിൻറെ പ്രവർത്തനം എന്നാരംഭിക്കും ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ടു്.

(ബി) അടുത്ത വിദ്യാലയവർഷം മുതൽ ആരംഭിക്കണമെന്നാണു് ആലോചിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly